**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1906**
**07.12.2015 ലെ മറുപടിയ്ക്ക്**

<u>മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്റർ</u>

| **ചോദ്യം.**<br>**ശ്രീ. ആർ. രാജേഷ്** | | **ഉത്തരം.**<br>**ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചതനുസരിച്ച് ആയത് പരിശോധിക്കുകയും ടി പ്രോജക്ടിന്റെ ഭാഗമായി അധിക നിയമനങ്ങൾ നിലവിലുള്ള ജീവനക്കാരുടെ പുനർ വിന്യാസം എന്നിവ സംബന്ധിച്ച് വ്യക്തത നൽകുവാൻ ആരോഗ്യ വകുപ്പിനോടാവശ്യപ്പെടുകയുണ്ടായി. ടി വകുപ്പിൽ നിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്ന കാര്യം പരിശോധിക്കുകയും ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പിന് നൽകുന്നതുമാണ് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |
| (സി) | പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും ആവശ്യമായ റിപ്പോർട്ട് ലഭിച്ചിട്ടും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | |
| (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**